# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3052** — **19.06.2018 ൽ മറുപടിയ്ക്ക്**

## ജൈവ പച്ചക്കറികളുടെ സർട്ടിഫിക്കേഷൻ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ജൈവ പച്ചക്കറികൾ വില്പന ചെയ്യുന്ന സ്ഥാപനങ്ങളിൽ ഇവ സർട്ടിഫൈ ചെയ്തു നൽകാൻ വ്യവസ്ഥയുണ്ടോ; | എ) ഉണ്ട്. |
| ബി) ജൈവ പച്ചക്കറികൾ എന്ന പേരിൽ നിർബാധം തമിഴ്നാട്ടിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും വന്നെത്തുന്നവ വിതരണം ചെയ്യുന്നത് തടയാനും ഉപഭോക്താവിന് ജൈവസാധനങ്ങളാണ് ലഭിക്കുന്നതെന്ന് ഉറപ്പു വരുത്താനും നടപടികൾ സ്വീകരിക്കുമോ? | ബി) തമിഴ്നാട്ടിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും എത്തുന്ന പച്ചക്കറികളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നു. പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളായണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബുകൾ പ്രവർത്തിക്കുന്നു. |

കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരവും വിശ്വാസ്യതയും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉല്പന്നങ്ങൾക്ക് "കേരള ഓർഗാനിക്" എന്ന ബ്രാൻഡിംഗ് നൽകിയിട്ടുണ്ട്. ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും കൂടാതെ ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണി മുഖേനയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വില്പനയും നടത്തി വരുന്നു.

Mayap

**സെക്ഷൻ ഓഫീസർ**